# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4327** **12-11-2019-ൽ മറുപടിക്ക്**

**സമഗ്ര ടൂറിസം വികസനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, പി.വി. അൻവർ<br>,, സി. കെ. ശശീന്ദ്രൻ<br>ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | അന്താരാഷ്ട്ര വിനോദ സഞ്ചാര ഭൂപടത്തിൽ ഗണനീയ സ്ഥാനം നേടാൻ കഴിഞ്ഞതോടെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിലേയ്ക്ക് വിദേശ സഞ്ചാരികളുടെ വരവ് വർദ്ധിച്ചത് ഏതെല്ലാം തരത്തിൽ അഭിവൃദ്ധിയുണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കഴിഞ്ഞ വർഷങ്ങളിലെ സ്ഥിതി വിവരകണക്ക് പരിശോധിക്കുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ വരവിന് ആനുപാതികമായി വിദേശനാണ്യ വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളതെന്നും അവ ഓരോന്നിനും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള കേന്ദ്രസഹായം എത്ര വീതമെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതിയെയും സംബന്ധിച്ച് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച പദ്ധതികളുടെ വിശദ വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ മേഖലയിലെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത ടൂറിസം വികസന പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ പുരോഗതി എന്താണ്; വിശദമാക്കുമോ; | (സി) | സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ടൂറിസം പദ്ധതികൾ നിലവിൽ ഒന്നും തന്നെ ഇല്ല. |
| (ഡി) | സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം സാക്ഷാത്കരിക്കുന്നതിനായി കേന്ദ്രസഹായം ലഭിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിന്റെ സമഗ്ര ടൂറിസം വികസനം സാക്ഷാത്കരിക്കുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നതിനായി ചുവടെ പറയുന്ന ടൂറിസം പദ്ധതി പ്രൊപ്പോസലുകളാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്.<br><br>**<u>സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾ</u>**<br>1. കാലടി മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട്<br>2. ആതിരപ്പിള്ളി നേച്ചർ ബേസ്ഡ് ടൂറിസം സർക്യൂട്ട്<br>3. കേരളാ കോസ്റ്റൽ സർക്യൂട്ട്<br>4. നാലമ്പലം സർക്യൂട്ട്<br>5. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്<br>6. പന്തിരുകുലം പദ്ധതി<br><br>**<u>പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾ</u>**<br>1. കണ്ണൂർ പിൽഗ്രിം സർക്യൂട്ട്<br>2. സെൻറ് തോമസ് ഇൻറർ നാഷണൽ ഷ്രയിൻ<br>3. ചേരമാൻ ജുമാ മോസ്ക്, കൊടുങ്ങല്ലൂർ<br>4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങന്നൂർ ശ്രീ മഹാശിവ ക്ഷേത്ര വികസനം |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതി വിവരണം | അനുമതി തുക | അനുവദിച്ച തുക | കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുക | പ്രവർത്തികളുടെ പുരോഗതി |
|---|---|---|---|---|---|
| സ്വദേശ് ദർശൻ സ്കീം | | | | | |
| 1. | ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട -ഗവി-വാഗമൺ -തേക്കടി വികസനം | 7655.13 ലക്ഷം രൂപ | 6124.10 ലക്ഷം രൂപ | 1163.17 ലക്ഷം രൂപ | പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ് |
| 2. | സ്പിരിച്ച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല (എരുമേലി -പമ്പ- സന്നിധാനം) വികസനം | 9998.92 ലക്ഷം രൂപ | 1999.78 ലക്ഷം രൂപ | ഇല്ല | മേൽ പദ്ധതിയിൽ ഉൾപ്പെട്ട എരുമേലി ഘടകത്തിന്റെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പമ്പയിലെ പ്രവൃത്തികൾ നടന്നു വന്നിരുന്നു. എന്നാൽ 2018 ലെ മഹാപ്രളയത്തിൽ ഇവ ഒലിച്ചുപോയിട്ടുള്ളതാണ്. സന്നിധാനത്തെ വികസന പ്രവൃത്തികൾ പ്രാരംഭഘട്ട ത്തിലാണ്. |
| 3. | സ്പിരിച്ച്വൽ ടൂറിസം സർക്യൂട്ടായ "ശ്രി പത്മനാദ സ്വാമി ക്ഷേത്രം -ആറന്മുള - ശബരിമല" വികസനം | 9221.80 ലക്ഷം രൂപ | 7242.03 ലക്ഷം രൂപ | 2766.54 ലക്ഷം രൂപ | മേൽ പദ്ധതിയിൽ ഉൾപ്പെട്ട ശ്രീ പത്മനാഭ സ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നു വരുന്നു. ആറന്മുള യിലെ പ്രവൃത്തികളും ശബരിമലയ്ക്കായി അനുവദിച്ച പ്രവൃത്തി കളും പ്രാരംഭഘട്ട ത്തിലാണ് |
| 4. | റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി മലനാട്-മലബാ ർ റിവർ ക്രൂയിസ് ടൂറിസം സർക്യൂട്ട് | 8037.38 ലക്ഷം രൂപ | ഇല്ല | ഇല്ല | പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലാണ്. ചില ഘടകങ്ങളുടെ ടെൻഡർ നടപടികൾ നടന്നു വരുന്നു |
| 5. | സ്പിരിച്ച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി കേരളത്തിലെ 133 ആരാധനാലയ ങ്ങളുടെ വികസനം | 8522.71 ലക്ഷം രൂപ | ഇല്ല | ഇല്ല | 14 ജില്ലകളിലെയും 133 ആരാധനാലയങ്ങളെയും ഉൾപ്പെടുത്തി 7 ക്ലസ്റ്ററുകളായി തിരിച്ചിട്ടുള്ളതും അവയുടെ പ്രവൃത്തികൾ നടത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| 6. | സ്പിരിച്ച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി | 6947 ലക്ഷം രൂപ | ഇല്ല | ഇല്ല | മേൽ പദ്ധതി പ്രവൃത്തികൾ ഇന്ത്യാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനാണ് |

| | | | | | |
|---|---|---|---|---|---|
| | ശിവഗിരി ശ്രീനാരായണ ഗുരു ആശ്രമം അരുവിപ്പുറം-കുന്നുപാറ ശ്രീ. സുബ്രഹ്മണ്യ -ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം" വികസനം | | | | നടത്തിവരുന്നത്. |
| 7. | <u>പ്രസാദ് സ്കീം</u> ഗുരുവായൂർ ക്ഷേത്ര വികസനം | 4614.20 ലക്ഷം രൂപ | 3691.36 ലക്ഷം രൂപ | 892.42 ലക്ഷം രൂപ | പദ്ധതി പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ് |

സെക്ഷൻ ഓഫീസർ